# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:412 20/10/2016-ൽ മറുപടിയ്ക്ക്**

**<u>ശുദ്ധജല മത്സ്യകൃഷി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.എം. സ്വരാജ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ശുദ്ധജല മത്സ്യകൃഷിയ്ക്കായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ശുദ്ധജല മത്സ്യകൃഷിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. 2015-18 കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II.<br>2. ഫിഷറീസ് വകുപ്പ് നേരിട്ട് ജില്ലാ ആഫീസുകൾ മുഖേന നടപ്പിലാക്കി വരുന്ന Innovative Aquaculture Project.<br>3. അഡാക്ക് മുഖാന്തിരം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി. |
| ബി) പ്രസ്തുത പദ്ധതി മുഖേന എത്ര മത്സ്യകർഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) സംസ്ഥാനത്ത് ഏകദേശം 73250 ശുദ്ധജല മത്സ്യ കർഷകർക്കും ഒരു നെല്ലും ഒരു മീനും പദ്ധതി മുഖേന 3147 കർഷകർക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| സി) പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി മത്സ്യകൃഷിക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ? | സി) മത്സ്യസമൃദ്ധി II പദ്ധതിയിൽ നടപ്പിലാക്കുന്ന വിവിധ ഘടക പദ്ധതികളിൽ അപേക്ഷകൾ സമർപ്പിക്കുന്ന സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരായ മത്സ്യ കർഷകർക്ക് മുൻഗണന നൽകിവരുന്നു. |

സെക്ഷൻ ആഫീസർ